# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1193** — **13.12.2012-ൽ മറുപടിയ്ക്ക്**

## നെല്ലിയാമ്പതിയിലെ എസ്റ്റേറ്റുകൾ

**ചോദ്യം**
ശ്രീ. കെ. സുരേഷ് കുറുപ്പ്

**ഉത്തരം**
ശ്രീ. കെ.ബി. ഗണേഷ്കുമാർ
(വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

(എ) നെല്ലിയാമ്പതിയിലെ പൊതു ഉടമസ്ഥതയിൽ ഉള്ള ഭൂമികളെ സംബന്ധിച്ചും എസ്റ്റേറ്റുകളെ സംബന്ധിച്ചും വിശദമാക്കാമോ ; റവന്യൂ, വനം വകുപ്പുകളുടെ കൈവശമുള്ള എസ്റ്റേറ്റുകൾ ഏതൊക്കെയാണ് ;

(എ) നെല്ലിയാമ്പതിയിൽ റവന്യൂ വകുപ്പിന്റെ കീഴിൽ എസ്റ്റേറ്റുകൾ ഒന്നുംതന്നെയില്ല. പാട്ടത്തിന് നൽകിയിട്ടുള്ള എസ്റ്റേറ്റുകൾ എല്ലാംതന്നെ വനഭൂമിയാണ്. താഴെപ്പറയുന്ന എസ്റ്റേറ്റുകൾ പാട്ടക്കരാർ റദ്ദ് ചെയ്ത് തിരികെ ഏറ്റെടുത്തതിനെ തുടർന്ന് വനം വകുപ്പിന്റെ കൈവശത്തിലാണ്.

പാട്ടക്കാലാവധി അവസാനിച്ചതിനെത്തുടർന്ന് ഏറ്റെടുത്ത എസ്റ്റേറ്റുകൾ

| | | | |
|---|---|---|---|
| 1 | റോസറി | : | 242.69 ഏക്കർ |
| 2 | ക്ലിഫ് വ്യൂ | : | 14.82 ഏക്കർ |
| 3 | ക്ലിഫ് വ്യൂ | : | 5.00 ഏക്കർ |
| 4 | തൂത്തമ്പാറ | : | 351.36 ഏക്കർ |

പാട്ടക്കരാർ ലംഘനത്തെത്തുടർന്ന് ഏറ്റെടുത്ത എസ്റ്റേറ്റുകൾ

| | | | |
|---|---|---|---|
| 1 | ബിയാട്രിസ് | : | 246.26 ഏക്കർ |
| 2 | മീരാ ഫ്ളോറസ് (5 എസ്റ്റേറ്റുകൾ) | : | 486.63 ഏക്കർ |

(ബി) നെല്ലിയാമ്പതിയിൽ ഏതെങ്കിലും എസ്റ്റേറ്റ് സ്വകാര്യ വ്യക്തികളുടേതായോ സ്ഥാപനങ്ങളുടേതായോ നിലവിലുണ്ടോ ; എങ്കിൽ ഏതെല്ലാം അവ എത്ര ഏക്കർ വീതമാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) നെല്ലിയാമ്പതി റിസർവ്വിനകത്ത് വിവിധ എസ്റ്റേറ്റുകളുടെ കൈവശമുള്ള ഭൂമി സർക്കാർ പാട്ടത്തിന് നൽകിയ വനഭൂമിയാണ്. സർക്കാർ പാട്ടത്തിന് നൽകിയ വനഭൂമിയല്ലാതെ നെല്ലിയാമ്പതിയിൽ സ്വകാര്യ വ്യക്തികളുടെയോ മറ്റ് സ്ഥാപനങ്ങളുടെയോ പേരിൽ ഭൂമിയില്ല.

..............................2)

| | | | |
|---|---|---|---|
| (സി) | നെല്ലിയാമ്പതിയിലെ ഏതെങ്കിലും എസ്റ്റേറ്റുകളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച തർക്കം കോടതി യുടെ പരിഗണനയിലുണ്ടോ ; എങ്കിൽ ഏതെല്ലാം ; നിലനിൽക്കു ന്നതായ തർക്കം സംബന്ധിച്ച വിവരം വിശദമാക്കാമോ ? | (സി) | ഏറ്റെടുക്കലിനെതിരെ രാജാക്കാട്, മോങ്ക്‌വുഡ്, ചെറുനെല്ലി ലോവർ എന്നീ എസ്റ്റേറ്റ് അധികൃതർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ്സുകൾ ഫയൽ ചെയ്തിട്ടുണ്ട്. കൂടാതെ മീര ഫ്ളോർസ് എസ്റ്റേറ്റ് ഏറ്റെടുത്തതിനെതിരെ New World Investments Pvt. Ltd. and Malabar Dairy Farms ഫയൽ ചെയ്ത ഒരു കേസ്സും, New World Investments Pvt. Ltd. ഫയൽ ചെയ്ത മറ്റൊരു കേസ്സും, തൂത്തമ്പാറ എസ്റ്റേറ്റ് ഏറ്റെടുത്തതിനെ തിരെ Poabs Plantation ഫയൽ ചെയ്ത ഒരു കേസ്സും (RSA), ബിയാട്രീസ് എസ്റ്റേറ്റ് ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് രണ്ട് കേസ്സുകളും (WA) ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ